(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറില്ലാത്ത ഇത്തരം വിദ്യാലയങ്ങളിൽ നിയമനം ഉടനെ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വടകര വിദ്യാഭ്യാസ ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരില്ലാത്ത ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ ഒഴിവുകൾ

119 (2059) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ തസ്തികയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ ;

(ഡി) ഇവരുടെ സേവനം അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ തസ്തികകളിൽ സ്ഥിര നിയമനം നടത്താൻ എന്തെങ്കിലും നടപടിയുണ്ടാകുമോ ?

ഉത്തരം

(എ) 134 ഒഴിവുകൾ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	21
കൊല്ലം	13
പത്തനംതിട്ട	4
ആലപ്പുഴ	12
ഇടുക്കി	6
കോട്ടയം	7
എറണാകുളം	6

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ	25
പാലക്കാട്	18
മലപ്പുറം	ഇല്ല
കോഴിക്കോട്	ഇല്ല
വയനാട്	ഇല്ല
കണ്ണൂർ	10
കാസർഗോഡ്	12

(സി) ഉണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ, പി.എസ്.സി. വഴിയോ അദ്ധ്യാപകരെ നിയമിക്കുന്ന മുറയ്ക്ക് ഇവരുടെ സേവനം അവസാനിപ്പിക്കുന്നതാണ്.

(ഇ) സ്ഥിര നിയമനം നടത്തുന്നതിന് ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുൾപ്പെടെ നിയമനാസൃത നടപടി സ്വീകരിച്ചിട്ടുണ്ട്.

എച്ച്.എസ്.എ. ഇംഗ്ലീഷിന് നിലവിലുള്ള ഒഴിവുകൾ

120 (2060) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം, കാസർഗോഡ്, എറണാകുളം ജില്ലകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷിന് എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) മുഴുവൻ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 86 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പി. എസ്. സി. വഴി നിയമനം നടത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) നിയമനം

121 (2061) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലും എത്ര ഒഴിവുകൾ വീതം ഇപ്പോൾ ഉണ്ട് ; ഏതെല്ലാം സ്കൂളുകളിലാണ് ഇപ്പോൾ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ ഒഴിവുകൾ ഉള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly